ഉത്തരം

(എ) സംസ്ഥാനത്ത് 55 ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ ഉണ്ട്. കൂടാതെ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന അദ്ധ്യാപക പരിശീലന സെന്ററുകളും നിലവിലുണ്ട്.

(ബി) 4.

(സി) 17.

(ഡി) 34. പുതുതായി കോളേജ് തുടങ്ങുന്നതിന് 75 ഏജൻസികൾക്ക്കൂടി ഈ വർഷം എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ഇ) അതെ.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല.

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്വാശ്രയ ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം

383 [2444] ശ്രീ. എം. മുരളി:

,, ഡൊമിനിക് പ്രസന്റേഷൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സ്വാശ്രയ ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടിക്രമമെന്തായിരുന്നു;

(ബി) സ്വാശ്രയ ബി. എഡ്. കോളേജ് അനുവദിച്ചതിനെതിരെ എത്രപേർ ഹൈക്കോടതിയെ സമീപിച്ചു;

(സി) എന്തടിസ്ഥാനത്തിലാണ് അവർ ഹൈക്കോടതിയെ സമീപിച്ചത്;

(ഡി) പ്രസ്തുത കേസ്സിൽ ഹൈക്കോടതിയുടെ ഉത്തരവെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വാശ്രയ ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു:

1. സ്വന്തമായ സ്ഥിരം കെട്ടിടമുള്ളവർക്ക് 50 മാർക്ക്.
2. സ്കൂൾ സ്ഥിരം കെട്ടിടത്തിൽ പ്രത്യേക ഫ്ളോർ/ഫ്ളോറുകൾ മാറ്റിവച്ചവർക്ക് 25 മാർക്ക്.

LIBRARY ARCHIVES Kerala Legislative Assembly

3. സെമി പെർമനന്റ്/താൽക്കാലിക കെട്ടിടമുള്ളവർക്ക് 10 മാർക്ക്.

4. സ്കൂൾ സ്ഥിരം കെട്ടിടത്തിൽ ക്ലാസ് മുറികൾ മാത്രം മാറ്റി വച്ചവർക്ക് 5 മാർക്ക്.

5. വാടക കെട്ടിടം തയ്യാറാക്കിയവർക്ക് 5 മാർക്ക്.

6. ലാബ്/ലൈബ്രറിക്ക് 5 മാർക്ക് വീതം.

7. കോളേജിനോട് ചേർന്ന് മോഡൽ സ്കൂൾ ആയി എച്ച്. എസ്. എസ് ഉള്ളവർക്ക് 30 മാർക്ക്.

8. കോളേജിനോട് ചേർന്ന് മോഡൽ സ്കൂൾ ആയി എച്ച്. എസ്./ സി. ബി. എസ്. സി./എച്ച്. എസ്. എസ്. ഉള്ള വർക്ക് 25 മാർക്ക് വീതം.

9. മോഡൽ സ്കൂൾ 1 കിലോമീറ്ററിനുള്ളിൽ ഉള്ള വർക്ക് 15 മാർക്ക്.

10. മോഡൽ സ്കൂൾ 3 കിലോമീറ്ററിനുള്ളിൽ ഉള്ളവർക്ക് 5 മാർക്ക്.

11. മോഡൽ സ്കൂൾ 3 കിലോമീറ്ററിനു മുകളിൽ ഉള്ളവർക്ക് മാർക്കില്ല.

12. സ്വന്തമായി 4.25 ഏക്കറോ അതിൽ കൂടുതലോ ഭൂമി ഉള്ളവർക്ക് 10 മാർക്ക്.

13. അതിനുതാഴെ ഭൂമി ഉള്ളവർക്ക് 5 മാർക്ക്.

(ബി) 25 കേസുകളിൽ സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്.

(സി) മാനദണ്ഡങ്ങൾ പാലിച്ചിട്ടും കോളേജ് അനുവദിച്ചില്ല, സമിതിയുടെ മൂല്യനിർണ്ണയത്തിൽ പിഴവ് സംഭവിച്ചു, മാനദണ്ഡങ്ങൾ പാലിക്കാത്തവർക്ക് കോളേജ് അനുവദിച്ചു, തെരഞ്ഞെടുപ്പിൽ പക്ഷപാതപരമായി തീരുമാനമെടുത്തു തുടങ്ങിയവയാണ് കേസ് ഫയൽചെയ്തവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

(ഡി) കേസുകൾ തീർപ്പാക്കപ്പെട്ടിട്ടില്ല.

എൻ.ഒ.സി. നൽകിയിട്ടുള്ള സ്വാശ്രയ ടി.ടി.ഐ.-കൾ

384 [2445] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന സ്വാശ്രയ ടി. ടി. ഐ.-കളിൽ സർക്കാർ എൻ. ഒ. സി. നൽകിയ എത്ര സ്ഥാപനങ്ങൾക്കാണ് എൻ. സി. ടി. ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും സ്ഥാപനത്തിന്റെ പേരുകളും വ്യക്തമാക്കാമോ;

(സി) എൻ. സി. ടി. ഇ. അംഗീകാരം നൽകുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly